(ബി) നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ഇതു സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) പൗരാവകാശ രേഖയുടേയും ട്രഷറി സോഫ്റ്റ്വെയർ ഓഡിറ്റിന്റേയും തുടർന്നുള്ള ജൂറി ചെയർമാൻമാരുടെ കോൺഫറൻസിലെ ശുപാർശകളുടേയും അടിസ്ഥാനത്തിൽ ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനം (TIDP) സർക്കാർ മുന്തിയ പരിഗണന നൽകുന്ന ഒരു പദ്ധതിയാണ്. ഇതിന്റെ വിശദാംശങ്ങൾ ഉത്തരം (എ) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) മെച്ചപ്പെട്ട പലിശ നിരക്ക്, 55 വയസ്സ് പൂർത്തിയാകുന്നവരെ മുതിർന്ന പൗരനായി കണക്കാക്കി അരശതമാനം അധികം പലിശ, പലിശ പ്രതിമാസം ലഭിക്കുന്നതിനുള്ള സൗകര്യം, ആവശ്യാനുസരണം പണം പിൻവലിക്കുന്നതിനുള്ള സൗകര്യം, മെച്ചപ്പെട്ടസേവനം എന്നിവ ഉറപ്പു നൽകുന്നു.

കൊച്ചിയിലെ നിർദ്ദിഷ്ട സ്മാർട്ട്സിറ്റി പദ്ധതി

6 (*6) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. കെ. ബാബു :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ നിർദ്ദിഷ്ട സ്മാർട്ട്സിറ്റി പദ്ധതി ഈ സർക്കാരിന്റെ കാലാവധി അവസാനിക്കും മുമ്പ് യാഥാർത്ഥ്യമാക്കാൻ ആകുമോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

(സി) 90,000 പേർക്ക് തൊഴിൽ നൽകാൻ വിഭാവന ചെയ്തിരുന്ന ഈ പദ്ധതിക്ക് പകരമായി മറ്റെന്ത് പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ സർക്കാരിന്റെ കാലാവധി അവസാനിക്കും മുമ്പ് അത്തരം ബദൽ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ;

(ഇ) എങ്കിൽ അതിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള സമയക്രമീകരണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ&ബി) യാഥാർത്ഥ്യമാക്കാനുള്ള പരിശ്രമം നടത്തി വരുന്നു. സ്മാർട്ട് സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവന്ന സന്ദർഭത്തിൽ സ്മാർട്ട്സിറ്റി ടീകോം പ്രതിനിധികൾ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ clause 5.4 സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ

LIBRARY ARCHIVES Kerala Legislative Assembly

പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ടീകോം ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ ഫ്രെയിംവർക്ക് എഗ്രിമെന്റ് പറഞ്ഞിരിക്കുന്ന clause 5.4 മാനിക്കുമെന്ന് പല പ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം പരിഹരിക്കുന്നതിനായി അവരുമായി പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായെങ്കിലും ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടില്ല. തുടർന്ന് പല പ്രാവശ്യം ശ്രമിച്ചിട്ടും പദ്ധതി ആരംഭിക്കുന്നതിനായി അവർ സ്വീകരിക്കേണ്ട നടപടികളൊന്നും കൈക്കൊള്ളാതിരുന്നതിനാൽ അതുസംബന്ധിച്ച് അവർക്ക് 3-9-2010-ൽ അന്തിമ നോട്ടീസ് അയയ്ക്കുകയും അതിന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ 2-12-2012-ൽ വീണ്ടും നോട്ടീസ് കൊടുക്കുകയും 10 ദിവസത്തിനകം മറുപടി നൽകാൻ ആവശ്യപ്പെടുകയും ചെയ്തെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ടീകോമുമായി ചർച്ച തുടരാൻ NORKA വൈസ് ചെയർമാനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി-ഇ) സ്മാർട്ട്സിറ്റിക്ക് പകരം സർക്കാർ പുതിയ സംരംഭങ്ങൾ ആലോചിച്ചിട്ടില്ല. എന്നാൽ കൊച്ചി ഇൻഫോപാർക്കിന്റെ ഒന്നും രണ്ടും ഘട്ടവികസനങ്ങൾ പൂർത്തിയാകുമ്പോൾ ഏകദേശം 1,10,000 ത്തിൽപ്പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

റേഷൻ വിതരണത്തെക്കുറിച്ചുള്ള പരാതികൾ

7 (*7) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൻ. രാജൻ :
ശ്രീ. ബാബു പോൾ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വിതരണത്തെക്കുറിച്ചുള്ള പരാതികൾ യഥാസമയം പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളുണ്ട് ; എത്ര ഓപ്പൺ ഫോറങ്ങൾ നടത്തി ; ഇതിലൂടെ എത്ര പരാതികൾക്കു തീർപ്പു കൽപ്പിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും കാർഡുടമകൾക്കു ലഭ്യമാക്കാൻ ഏർപ്പെടുത്തിയ സംവിധാനങ്ങൾ വിശദമാക്കുമോ ;

(സി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ വിതരണത്തിൽ എത്ര ക്രമക്കേടുകൾ കണ്ടെത്തി ; പ്രസ്തുത ക്രമക്കേടുകൾ നടത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

LIBRARY ARCHIVES Kerala Legislative Assembly